# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.753 20.03.2013- ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ജലദൗർലഭ്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" ബി. സത്യൻ<br>" വി. ശിവൻകുട്ടി | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജലവിതരണ സമ്പ്രദായത്തിലെ തകരാറുകാരണം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിക്കടി ജലം കിട്ടാതായി രോഗികൾ ബുദ്ധിമുട്ടിലാകുന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) രോഗികൾ ജലദൗർലഭ്യം കൊണ്ട് വലഞ്ഞ സന്ദർഭത്തിൽ ആരോഗ്യവകുപ്പ മന്ത്രിയോ ഉന്നതോദ്യോഗസ്ഥരോ പ്രശ്നത്തിലിടപെട്ടില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറിച്ച് ബഹു. ആരോഗ്യ വകുപ്പുമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, (ആരോഗ്യ കുടുംബക്ഷേമ വകുപ്പ്), ജില്ലാ കളക്ടർ എന്നിവർ പ്രശ്നത്തിൽ ഇടപെട്ട് ജലം എത്തിക്കാനുള്ള നിർദ്ദേശം വിവിധ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്ക് നൽകുകയുണ്ടായി. അപ്രകാരം റവന്യൂ ഡിപ്പാർട്ട്മെന്റ്, വാട്ടർ അതോറിറ്റി, ഫയർഫോഴ്സ് എന്നിവർ ടാങ്കർ ലോറി വഴി ആവശ്യത്തിന് ജലം എത്തിച്ചിരുന്നു. അതുമൂലം ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ, കാഷ്വാലിറ്റി, ലാബ്, വാർഡുകൾ എന്നിവയുടെ പ്രവർത്തനം മുടക്കം കൂടാതെ നടത്താനായി, നേരത്തെ തീരുമാനിച്ച ശസ്ത്രക്രിയകളും, അടിയന്തിര ശസ്ത്രക്രിയകളും മുടക്കമില്ലാതെ നടത്താനും കഴിഞ്ഞു. |
| (സി) പ്രശ്നപരിഹാരത്തിനായി എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഇപ്പോൾ ആശുപത്രി പരിസരത്തുള്ള കിണർ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കാൻ നടപടി എടുത്തു വരുന്നു. പുതുതായി ഒരു ലൈൻ, ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ഉടനെതന്നെ കമ്മീഷൻ ചെയ്യുന്നതാണ്. അതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ